## അവസരം നല്കിയിട്ടും ജോലിക്ക് ഹാജരാകാതിരുന്ന തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ല

### ഡൽഹി ഹൈക്കോടതി

W.P. (C) No. 2704/2012 Dt. 4.2.2020

സുഭാഷ് കുമാർ

x

മനോജ് റിപ്പയറിങ് ഏന്റ് ജോബ് വർക്സ്

സ്ഥാപനത്തിൽ ഹെൽപ്പറായാണ് തൊഴിലാളി 1986-ൽ ജോലിയിൽ പ്രവേശിച്ചത്. ഏകദേശം ഒരു വർഷം കൃത്യമായി ജോലിക്കു ഹാജരായ തൊഴിലാളി പിന്നീട് അലസനായി. അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുക എന്നത് അയാൾ പതിവാക്കി. ജോലിക്ക് ഹാജരാകണമെന്ന് മേനേജ്മെന്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും അയാൾ ജോലിയിൽ പ്രവേശിച്ചില്ല. തുടർന്ന് മേനേജ്മെന്റ് അയാൾക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കി. അയാൾ യാതൊരു മറുപടിയും നല്കിയില്ല. അതിനാൽ മേനേജ്മെന്റ് ഗാർഹികാന്വേഷണം ആരംഭിച്ചു. ഇതറിഞ്ഞ തൊഴിലാളി ലേബർ ഓഫീസർ മുമ്പാകെ പരാതി നല്കി. അനുരഞ്ജനത്തിന്റെ ഫലമായി തൊഴിലാളിക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിക്കുകയും തൊഴിലാളി ജോലിക്ക് ഹാജരാകുകയും ചെയ്തു. ഏകദേശം അഞ്ച് മാസം കഴിഞ്ഞപ്പോൾ തൊഴിലാളി വീണ്ടും അനധികൃതമായി ജോലിക്കു ഹാജരായില്ലെന്നു മാത്രമല്ല മേനേജ്മെന്റിനെതിരെ വ്യാജ പരാതികൾ നല്കുന്നതിൽ വ്യാപൃതനാകുകയും ചെയ്തു. നാല് മാസം കഴിഞ്ഞ് ഒരു ദിവസം ലേബർ ഓഫീസർ സ്ഥാപനം സന്ദർശിക്കാൻ വന്നപ്പോൾ തൊഴിലാളി ജോലിക്ക് ഹാജരായി. ലേബർ ഓഫീസർ സന്ദർശനം കഴിഞ്ഞ് മടങ്ങിപ്പോയതിനു തൊട്ടു പിന്നാലെ ഉച്ചക്ക് ഒന്നര മണിയോടെ തൊഴിലാളി അനധികൃതമായി ജോലി സ്ഥലം വിട്ടുപോയി. പിന്നീട് തൊഴിലാളി ജോലിക്ക് ഹാജരായില്ല. എന്നാൽ തന്നെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു എന്ന് ആരോപിച്ച് അയാൾ ലേബർ കോടതിയിൽ പരാതി നല്കുകയാണുണ്ടായത്. തൊഴിലാളി പതിവായി ജോലിയിൽ നിന്ന് വിട്ടുനില്ക്കുകയായിരുന്നുവെന്നും അയാൾ സ്വമേധയാ ജോലി ഉപേക്ഷിച്ചതാണെന്നും വിലയിരുത്തിയ ലേബർ കോടതി പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. താൻ മെഷീൻ ഓപ്പറേറ്ററായിരുന്നുവെന്നും തന്നെ നിയമവിരുദ്ധമായി ജോലിയിൽ നിന്ന് പിരിച്ചുവിട്ടതാണെന്നും ലേബർ കോടതിയുടെ വിധി റദ്ദാക്കേണ്ടതാണെന്നും തൊഴിലാളി വാദിച്ചു. അനുവാദമില്ലാതെ പല തവണ ജോലിയിൽ നിന്ന് വിട്ടു നിന്നിട്ടും മേനേജ്മെന്റ് പല തവണ തൊഴിലാളിക്ക് അവസരം നല്കിയിട്ടും അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന തൊഴിലാളി മനഃപൂർവ്വം ജോലി ഉപേക്ഷിച്ചു പോയതാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.